# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 855** **01.03.2017-ൽ മറുപടിക്ക്**

## കുടുംബ പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം

| ചോദ്യം<br>ശ്രീ.കെ.കെ. രാമചന്ദ്രൻ നായർ | ഉത്തരം<br>അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| എ) വനം വകുപ്പിൽ ജോലി ചെയ്ത് വിരമിക്കുന്നവർക്കും മരിച്ച ജീവനക്കാരുടെ ബന്ധുക്കൾക്കും പെൻഷൻ ലഭിക്കുവാൻ കാലതാമസം നേരിടാറുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (എ) പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ കാലതാമസം ഉണ്ടാകാറില്ല. |
| ബി) വനം വകുപ്പിന്റെ തേക്കടി റേഞ്ചിൽ ഗാർഡായിരിക്കെ 2008 -ൽ മരണപ്പെട്ട കെ.ജി. ഭാസ്കരൻ നായരുടെ വിധവ ശ്രീമതി രാജമ്മയ്ക്ക് കുടുംബ പെൻഷൻ നാളിതുവരെയായി അനുവദിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ;<br><br>സി) ശ്രീമതി രാജമ്മയ്ക്ക് എന്നത്തേക്ക് കുടുംബ പെൻഷൻ അനുവദിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) പരേതനായ ഫോറസ്റ്റ് ഗാർഡ് കെ.ജി. ഭാസ്കരൻ നായർക്ക് വനം വകുപ്പിലെ സേവനം പരിഗണിച്ചുള്ള പെൻഷനും മിലിട്ടറി സേവനം പരിഗണിച്ചുള്ള ഡിഫൻസ് പെൻഷനും അർഹതയുണ്ടായിരുന്നു. എന്നാൽ ഒരു സമയം ഒരു തരം പെൻഷന് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂവെന്ന ചട്ടമുണ്ടായിരുന്നതിനാൽ ടിയാൻ ഡിഫൻസ് പെൻഷനായിരുന്നു തിരഞ്ഞെടുത്തത്. തുടർന്ന് 30/09/2014 ലെ സ.ഉ (പി) നം.427/2014/ധന ഉത്തരവ് പ്രകാരം രണ്ട് തരം പെൻഷനും അനുവദിക്കാവുന്നതാണെന്ന് ഉത്തരവായി. ശ്രീ. കെ.ജി. ഭാസ്കരൻ നായർ 24/05/2008 ൽ അന്തരിച്ചു. തുടർന്ന് ടിയാന്റെ വിധവയ്ക്ക് ഫാമിലി പെൻഷൻ കൂടി അനുവദിക്കാനുള്ള |

അപേക്ഷ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചു. 29/12/2016 ലെ അക്കൗണ്ടന്റ് ജനറലിന്റെ നിർദ്ദേശ പ്രകാരം പെരിയാർ ഈസ്റ്റ് ഡിവിഷനിലെ ഡെപ്യൂട്ടി ഡയറക്ടർ ഫാമിലി പെൻഷൻ അനുവദിച്ച് അക്കൗണ്ടന്റ് ജനറലിന്റെ അംഗീകാരത്തിനായി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ അനുമതി ലഭ്യമായതിനു ശേഷമേ സിവിൽ ഫാമിലി പെൻഷൻ അനുവദിക്കാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**